ശ്രീ. വി. ശ്രീധരൻ : എത്രയും കുടുതൽ പ്രാധാന്യമർഹിക്കുന്ന മണലാണ് അവിടെയുള്ളതു് എന്നു് ഗവണ്മെൻറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ യുറേനിയം ഉണ്ടോ എന്നും അതെത്രകണ്ടു ലഭിക്കുമെന്നും അറിയുന്നതിനുവേണ്ടി ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ടാക്സ് പെർമിറ്റ്.

* 673 [9] ശ്രീ. സി. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് 'ടാക്സ് പെർമിറ്റ്' ഉള്ള ലോറികൾ എത്ര; കാറുകൾ എത്ര; പ്രൈവറ്റ് ബസ്സുകൾ എത്ര ;

(ബി) ഓരോന്നിനും ഈടാക്കിവരുന്ന ടാക്സ് എന്താണു് ; ഈ ഇനത്തിൽ 1954-55 വർഷത്തിൽ എത്ര രൂപ ഗവണ്മെൻറിനു ലഭിച്ചു;

(സി) ഈ വർഷത്തിൽ ടാക്സ് കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങൾ എത്രയാണു് ;

(ഡി) സംഖ്യാധിക്യപതനത്തെ മുൻനിറുത്തി വാഹനങ്ങളുടെ ടാക്സിൽ എന്തെങ്കിലും കുറവു വരുത്തുന്നതിനെപ്പറ്റി ആലോചനയുണ്ടോ ;

(ഇ) വാഹനങ്ങൾക്കുള്ള 3rd party ഇൻഷ്വറൻസ് ഇനത്തിൽ 1954-55 വർഷത്തിൽ എത്ര തുക ലഭിച്ചു; ഇതിൽ എത്ര തുക അപകടത്തെപ്പറ്റിയുള്ള അന്വേഷണത്തിനായി വിനിയോഗിച്ചിട്ടുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) പെർമിറ്റുള്ള ലോറികൾ 2331. കാറുകൾ 460. ബസ്സുകൾ 1452.

(ബി) മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾപ്രകാരം 20-7-1955-ൽ മൂന്നാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനിൽ കൊടുത്തിട്ടുള്ള ഷെഡ്യൂൾ അനുസരിച്ചാണു് ടാക്സ് ഈടാക്കുന്നതു്.

1954-55-ൽ ലഭിച്ചിട്ടുള്ള ടാക്സ്.

	രൂ.	ണ.	സ.
ലോറികൾ	2401578	14	7
കാറുകൾ	83965	0	0
ബസ്സുകൾ	2557074	9	3

(സി) ലോറികൾ 674, കാറുകൾ 89, ബസ്സുകൾ 379.

(ഡി) ബസ്സുകളുടെ ടാക്സിൽ കുറവു വരുത്തിയിട്ടുണ്ടു്.

(ഇ) 1954-55-ൽ തേഡ് പാർട്ടി ഇൻഷ്വറൻസ് പ്രീമിയം വഴി ലഭിച്ചതുക 569895 രൂ. പ്രസ്തുത കൊല്ലത്തിൽ കമ്പൻസേഷൻ കൊടുത്തതുക 34086 രൂ. 8ണ. 0 പൈസ.

LIBRARY ARCHIVES Kerala Legislative Assembly